പത്രക്കുറിപ്പ്
24-4-2018

**അഗതി കുടുംബങ്ങളിലെ 96 കുട്ടികൾക്ക്**
**സൗജന്യ തൊഴിൽ പരിശീലനവും ജോലിയും ലഭ്യമാക്കി കുടുംബശ്രീ;**

**പട്ടികവർഗ മേഖലയിലെ യുവജനങ്ങൾക്കും സൗജന്യ നൈപുണ്യ പരിശീലനം**

തിരുവനന്തപുരം: കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി ദീൻ ദയൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന(ഡി.ഡി.യു.ജി.കെ.വൈ)യിലൂടെ സംസ്ഥാനത്തെ അഗതി കുടുംബങ്ങളിലെ 96 കുട്ടികൾക്ക് തൊഴിൽ ലഭിച്ചു. കുടുംബങ്ങളിലെ ദാരിദ്ര്യം ഇല്ലാതാക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരുന്നതിന്റെയും ഭാഗമായാണ് ഈ വീടുകളിലെ കുട്ടികൾക്ക് മെച്ചപ്പെട്ട നൈപുണ്യ പരിശീലവും തൊഴിലും നൽകി വരുമാനം ലഭ്യമാക്കുന്നതിനുള്ള കുടുംബശ്രീയുടെ ഊർജിത ശ്രമങ്ങൾ. ഈ വർഷം ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ 2000 കുട്ടികൾക്ക് നൈപുണ്യ പരിശീലനം നൽകാനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്. ആശ്രയ ഗുണഭോക്താക്കളുടെ കുടുംബങ്ങൾക്ക് സാമൂഹ്യ പരിരക്ഷ ഉറപ്പാക്കുന്നതിന്റെ കൂടി ഭാഗമായാണ് നൈപുണ്യ പരിശീലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.

ഗ്രാമീണമേഖലയിലെ നിർധന യുവതീയുവാക്കൾക്ക് സൗജന്യതൊഴിൽ പരിശീലനവും തൊഴിലും ഉറപ്പാക്കുന്നതാണ് പദ്ധതി. തദ്ദേശ സ്ഥാപനങ്ങളുടെ പക്കലുള്ള ആശ്രയ കുടുംബങ്ങളുടെ പട്ടികയിൽ നിന്നാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള 132 പരിശീലനാർത്ഥികളെ തിരഞ്ഞെടുത്തത്. കൂടാതെ കടുംബശ്രീ സി.ഡി.എസുകളുടെ നേതൃത്വത്തിൽ ആശ്രയ കുടുംബങ്ങൾ നേരിട്ടു സന്ദർശിച്ചും ഏറ്റവും അർഹരമായ ഗുണഭോക്താക്കളെ കണ്ടെത്തിയിരുന്നു. ഇവർക്ക് ഡി.ഡി.യു.ജി.കെ.വൈയുടെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന വിദഗ്ധ തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ സൗജന്യ പരിശീലനം നൽകി. വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർക്കെല്ലാം വിവിധ സ്ഥാപനങ്ങളിൽ മാന്യമായ വേതനത്തോടെ ജോലി ഉറപ്പാക്കിയിട്ടുണ്ട്.

പട്ടികവർഗ മേഖലയിലെ നിർധനരായ യുവതീയുവാക്കൾക്കും മികച്ച നൈപുണ്യ പരിശീലനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി അട്ടപ്പാടിയിൽ പ്രത്യേക കേന്ദ്രം ഇവർക്കായി തുറന്നിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം പട്ടികവർഗത്തിൽ പെട്ട 282 പേർക്ക് ഹെൽത്ത് കെയർ, ബാങ്കിങ്ങ് ആൻഡ് അക്കൗണ്ടിങ്ങ്, റീട്ടെയ്ൽ മാനേജ്മെന്റ്, ഡെന്റൽ സെറാമിക് ടെക്നീഷ്യൻ, ഹോസ്പിറ്റാലിറ്റി, ബി.പി.ഓ എന്നീ മേഖലകളിൽ പരിശീലനം നൽകിയിരുന്നു. ഇതിൽ 142 പേർക്ക് ജോലി ലഭ്യമാക്കാൻ കുടുംബശ്രീക്കു കഴിഞ്ഞു. ഈ സാമ്പത്തിക വർഷം 1000 പേർക്ക് പരിശീലനം നൽകാനാണ് ലക്ഷ്യം.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**